(ബി) ഇല്ലെങ്കിൽ ഈ വഴി ബസ് സർവ്വീസ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മെഡിക്കൽ കോളേജ്-പാലാഴി-പന്തീരൻകാവ്-ബൈപാസ്-രാമനാട്ടുകര സർവ്വീസിന് കെ. എസ്. ആർ. ടി. സി. ഇതിനകം അനുമതി നൽകി കഴിഞ്ഞിട്ടുണ്ട്. ഷോർട്ട് വീൽ ബെയ്സ്ഡ് ബസ് ഉപയോഗിച്ചു മാത്രമേ ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് കഴിയുകയുള്ളൂ. ഷോർട്ട് വീൽ ബെയ്സ്ഡ് ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ ഇതുവരെയും ഈ സർവ്വീസ് ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ബസും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതാണ്.

മാള ഡിപ്പോയിലേയ്ക്ക് പുതിയതായി അനുവദിച്ച ബസ്സുകൾ

223 (4012) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ എത്രയെണ്ണം മാള ഡിപ്പോയിലേക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) മാള ഡിപ്പോയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടിയും പുതിയ ഗ്യാരേജ് നിർമ്മിക്കുന്നതിനുള്ള നടപടിയും എന്തായെന്ന് വിശദമാക്കുമോ ;

(സി) മാള ഡിപ്പോയിൽ ജീവനക്കാരുടെ എണ്ണം കുറവുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാള ഡിപ്പോയിലേയ്ക്ക് 17 പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ചുറ്റുമതിലിന്റെ നിർമ്മാണം പരിഗണനയിലുണ്ട്. പുതിയ ഗ്യാരേജിന്റെ പ്രവൃത്തിക്കുള്ള ടെൻഡർ ക്ഷണിച്ച് പണിക്കുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പണി തുടങ്ങാനുള്ള നടപടികൾ കോൺട്രാക്ടർ ആരംഭിച്ചുകഴിഞ്ഞു.

(സി) മാള ഡിപ്പോയിൽ കണ്ടക്ടർ വിഭാഗത്തിലൊഴികെ മറ്റെല്ലാ വിഭാഗങ്ങളിലും ജീവനക്കാരുടെ കുറവുണ്ട്. എല്ലാ വിഭാഗങ്ങളിലുമുള്ള ഒഴിവുകൾ കെ. പി. എസ്. സി. യെ അറിയിച്ചിട്ടുണ്ട്. കെ. പി. എസ്. സി. മുഖേന ഉദ്യോഗാർത്ഥികളെ നിയോഗിക്കുവാൻ കാലതാമസം നേരിടുകയാണെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly